# പോലീസ് വകുപ്പ്

# കേരളം

**No.H1-57959/2021/DR**

ജില്ലാ പോലീസ് ഓഫീസ്,
കോഴിക്കോട് റൂറൽ
spkkdrl.pol@kerala.gov.in
04962523031
തീയതി.11-05-2022

**DO No. 285/2022/ഡി ആർ**

വിഷയം : അച്ചടക്ക നടപടി -ശ്രീ മൻസൂർ കെ പി,സീനിയർ ക്ലർക്ക് (PEN 318357) ,ജില്ലാ പോലീസ് ഓഫീസ് കോഴിക്കോട് സിറ്റി -എന്നയാൾക്കെതിരെയുള്ള ഔപചാരിക അന്വേഷണം (H1/PR-01/2022 DR)- പിആർ മിനുറ്റ്സ് തീർപ്പ് കൽപ്പിക്കുന്നത് സംബന്ധിച്ച്

സൂചന : 1.ഈ ഓഫീസിലെ 19.01.2022 തിയ്യതിയിലെ 29/2022 DR നമ്പർ ജില്ലാ ഉത്തരവ്
2.കോഴിക്കോട് റൂറൽ ജില്ലാ പോലീസ് ഓഫീസിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റൻറ് സമർപ്പിച്ച 19.04.2022 തിയ്യതിയിലെ പി ആർ മിനുറ്റ്സ്
3.25.04.2022 തിയ്യതിയിലെ ഇതേ നമ്പർ കാരണം കാണിക്കൽ നോട്ടീസ്
4. കാരണം കാണിക്കൽ നോട്ടീസിന് 06.05.2022 തിയ്യതി കുറ്റാരോപിതൻ സമർപ്പിച്ച മറുപടി

ശ്രീ. മൻസൂർ കെ.പി.സീനിയർ ക്ലർക്ക് (PEN 318357) കോഴിക്കോട് റൂറൽ ജില്ലാ പോലീസ് ഓഫീസിൽ ജി2 സെക്ഷൻ ക്ലാർക്കായി ജോലി ചെയ്തുവരവേ, വിവിധ പ്രവർത്തികൾക്കായി PWD ക്കു കൈമാറിയ തുക പ്രസ്തുത പ്രവർത്തികൾ നടക്കാത്തതിനാൽ PWD യിൽ നിന്നും ഈ ഓഫീസിലേക്ക് തിരികെ സമർപ്പിച്ച GJ No.3109422 dtd .21.11.14 , GJ 3080265 dtd 29.08.2014 എന്നീ ചെക്കുകളിൽ കാലാവധിക്ക് മുമ്പ് പണമാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ലാത്തതാണ്. പിന്നീട് പ്രസ്തുത ചെക്കുകൾ കാലഹരണപ്പെട്ട ശേഷം PWD ഓഫീസിലേക്ക് റീ വാലിഡേഷനായി സമർപ്പിക്കുകയുണ്ടായെങ്കിലും അപ്പോഴേക്കും പൊതുമരാമത്ത് വകുപ്പ് ചെക്ക് സംവിധാനം നിർത്തലാക്കിയിട്ടുണ്ടായിരുന്നു. ആയതിനാൽ പ്രസ്തുത ചെക്കുകളുമായി ബന്ധപ്പെട്ട അഡ്വാൻസ് ബില്ലുകൾ ഇതുവരെയും അഡ്ജസ്റ്റ് ചെയ്യാത്തതിനാൽ 2021 ആഗസ്റ്റ് മാസം ഈ ഓഫീസിൽ ഓഡിറ്റ് നടത്തിയ AG's AUDIT ടീം പ്രസ്തുത കാര്യത്തിൽ ഒബ്ജക്ഷൻ രേഖപ്പെടുത്തിയിട്ടുള്ളതാണ്.

കോഴിക്കോട് റൂറൽ ജില്ലയിലെ വിവിധ പ്രവർത്തികൾക്കായി PWD ക്കു കൈമാറിയ തുക പ്രസ്തുത പ്രവർത്തികൾ നടക്കാത്തതിനാൽ PWD യിൽ നിന്നും ഈ ഓഫീസിലേക്ക് തിരികെ സമർപ്പിച്ച മേൽ ചെക്കുകളിൽ കാലാവധിക്ക് മുമ്പ് പണമാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കാതിരിക്കുക വഴി ജില്ലാ പോലീസ് ഓഫീസിലെ ഉത്തരവാദപ്പെട്ട ഒരു സെക്ഷൻ ക്ലർക്ക് എന്ന നിലയിൽ മേൽകാര്യത്തിൽ ഗുരുതരമായ കൃത്യവിലോപവും അലംഭാവവും കാണിച്ചതിനാൽ സൂചന 1 പ്രകാരം ടിയാനെതിരെ ഒരു ഔപചാരിക അന്വേഷണം നടത്തി പി ആർ മിനുറ്റ്സ് സമർപ്പിക്കുന്നതിനായി കോഴിക്കോട് റൂറൽ ജില്ലാ പോലീസ് ഓഫീസിലെ അഡ്മിനിസ്ട്രേറ്റീവ് അസ്സിസ്റ്റൻറിനെ ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവായിരുന്നു.

അന്വേഷണാനന്തരം അന്വേഷണ ഉദ്യോഗസ്ഥൻ സമർപ്പിച്ച പി ആർ മിനുറ്റ്സും അനുബന്ധ രേഖകളും ഞാൻ വിശദമായി പരിശോധിച്ചു .കുറ്റാരോപണ മെമ്മോയിൽ ടിയാനെതിരെ ഉന്നയിക്കപ്പെട്ട കുറ്റം വിശദമായ വാക്കാലന്വേഷണത്തിൽ തെളിയുന്നുണ്ടെന്ന അന്വേഷണ ഉദ്യോഗസ്ഥൻറെ നിഗമനത്തോട് യോജിച്ച് കൊണ്ട് തെളിഞ്ഞ കുറ്റത്തിനുള്ള ശിക്ഷയായി ടിയാൻറെ അടുത്ത വാർഷിക വേതന വർദ്ധനവ് ഒരു വർഷത്തേക്ക് സഞ്ചിത ഫലമില്ലാതെ തടഞ്ഞു വെക്കുന്നതിന് ഞാൻ താൽക്കാലികമായി തീരുമാനിക്കുകയും സൂചന 3 പ്രകാരം ടിയാന് ഒരു കാരണം കാണിക്കൽ നോട്ടീസ് നൽകുകയുമുണ്ടായി. മേൽ കാരണം കാണിക്കൽ നോട്ടീസിന് ടിയാൻ സമർപ്പിച്ച വിശദീകരണം തൃപ്തികരമല്ല. എന്നിരുന്നാലും

ഇത്തവണ ടിയാനോട് മൃദുസമീപനം സ്വീകരിച്ചു കൊണ്ട്  എന്റെ താൽക്കാലിക തീരുമാനത്തിൽ മാറ്റം വരുത്തി ശിക്ഷയായി ശ്രീ മൻസൂർ കെ പി,സീനിയർ ക്ലർക്ക് , ജില്ലാ പോലീസ് ഓഫീസ് ,കോഴിക്കോട് സിറ്റി എന്നയാളുടെ അടുത്ത വാർഷിക വേതന വർദ്ധനവ് 3 മാസത്തേക്ക് സഞ്ചിത ഫലമില്ലാതെ തടഞ്ഞു വെച്ചു കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

മേൽ ഉത്തരവിനെതിരെ ഈ ഉത്തരവ് കൈപ്പറ്റി രണ്ടു മാസത്തിനകം ടിയാന് ബഹു കണ്ണൂർ റേഞ്ച് ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ മുമ്പാകെ അപ്പീൽ സമർപ്പിക്കാവുന്നതാണ് .

Srinivas A

10-05-2022
ശ്രീനിവാസ് എ, ഐ പി എസ്,
ജില്ലാ പോലീസ് മേധാവി

സ്വീകർത്താവ് : ശ്രീ മൻസൂർ കെ പി ,സീനിയർ ക്ലർക്ക് : ഐജിപി &കമ്മീഷണർ കോഴിക്കോട് സിറ്റി മുഖാന്തിരം

പകർപ്പ് : ഐജിപി &കമ്മീഷണർ കോഴിക്കോട് സിറ്റി: നടത്തിപ്പിനും തിയ്യതി വെച്ച ലക്ഷ്യം വാങ്ങി തിരിച്ചയക്കുന്നതിനും.
അഡീഷണൽ എസ്പി ,അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് ,മാനേജർ ,ജൂനിയർ സൂപ്രണ്ടുമാർ എന്നിവർക്ക് അറിവിലേക്കായി.
എ1 മുതൽ എ5(എ)സെക്ഷൻ ,F1 മുതൽ F6 വരെയുള്ള സെക്ഷനുകൾക്ക് അറിവിലേക്കായി.
ഡിഒ ബുക്ക്, ഡിഒ ഫയൽ.